No. MOSC/AC/12/2021

# THE MALANKARA ORTHODOX SYRIAN CHURCH

## CATHOLICATE OF THE EAST

## ADMINISTRATIVE COUNCIL

**Metropolitan Kuriakose Mar Clemis**
**President**

Catholicate Palace
Devalokam P. O, Muttambalam
Kottayam - 686004

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ ചാലകശക്തിയായി ലോകത്ത് സാക്ഷ്യം വഹിക്കുക എന്നതാണ് സഭയുടെ ദൌത്യം. ഈ ദൗത്യത്തിന്റെ ആവിഷ്കാരമാണ് മലങ്കര ഓർത്ത ഡോക്സ് സഭ നടത്തുന്ന വിവിധങ്ങളായ മിഷനറി പ്രവർത്തനങ്ങൾ. കുഷ്ഠരോഗികൾ, എയിഡ്സ് രോഗികൾ, അനാഥർ, ആലംബഹീനർ, പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവർക്കായി ആൻഡമാൻസ്, കർണ്ണാടകയിലെ കുണിഗൽ, മക്കോഡിയ, ഭിലായ്, ഇറ്റാർസി, കലഹണ്ടി, പൂനെദേഹു റോഡ്, യാച്ചാരം, നെയ്യാറ്റിൻകര എന്നിങ്ങനെ കേരളത്തിനകത്തും പുറത്തുമായി അനവധി സ്ഥാപനങ്ങൾ അനുഗ്രഹകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അർപ്പണബോധമുള്ള യുവതീ യുവാക്കൾ മുന്നോട്ടുവന്നെങ്കിലേ സഭയുടെ മിഷൻ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകാൻ സാധിക്കുകയുള്ളു. അപ്രകാരമുള്ളവരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും സഭാമക്കൾക്കു കഴിയണം. സഭയുടെ സകല ഇടവകകളിലും സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുകയും ബാഹ്യവും ആഭ്യന്തരവുമായ സുവിശേഷപ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുകയും ചെയ്യണം.

വീണ്ടും പ്രിയരെ,

മിഷൻസൺഡേ കവർപിരിവിനത്തിൽ കഴിഞ്ഞവർഷം ലഭിച്ചത് 7042672.64 രൂപയാണ്. ഈ വർഷം കോവിഡ് മഹാമാരി കാരണം വളരെ സാമ്പത്തിക പ്രതിസന്ധി സഭ മൊത്തമായും മിഷൻ രംഗത്തും ഉണ്ടായിട്ടുണ്ട്. കോവിഡ് കാരണം ജൂലൈ മാസത്തിൽ നടത്തിവന്നിരുന്ന മിഷൻസൺഡേ ദിനാചരണം നടത്താൻ കഴിയാതെ പോയി. ഈ വർഷം സെപ്റ്റംബർ മാസം 5-ാം തീയതി ഞായറാഴ്ച നടത്തു വാൻ നിശ്ചയിച്ചിരിക്കുന്നു. അന്ന് സഭയുടെ മിഷനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ പിരിവ് പരമാവധി വിജയിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യണം. പ്രിയ വൈദികർ ഇപ്പോഴത്തെ സാഹചര്യത്തിൽ ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യം കാണിക്കണം. കഴിഞ്ഞവർഷം പകുതിയോളം ഇടവകകൾ മിഷൻസൺഡേ പിരിവ് നൽകിയിട്ടില്ല എന്നറിയുന്നു. പിരിവ് നടത്തിയതിനുശേഷം സത്യസന്ധമായി അയച്ചുകൊടുക്കാതിരിക്കുന്ന പ്രവണത ദൈവസന്നിധിയിൽ കുറ്റകരമാണ് എന്നു പ്രത്യേകം ഓർമ്മിക്കുന്നു. മിഷൻസൺഡേ പിരിവ് ഇടവകയുടെ വരുമാനത്തോടു ചേർക്കുവാൻ അനുവാദമില്ലാത്തതാകുന്നു; അത് ദൈവികനീതിക്കെതിരെയുള്ള പാപമാണ്. മിഷൻസൺഡേ കവർപിരിവും മിഷൻസൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ

(മറുപുറം)

തേവോദോറോസ് മെത്രാപ്പോലീത്തായുടെ പേരിൽ സെന്റ് പോൾസ് മിഷൻ സെന്റർ, തട്ടാരമ്പലം പി.ഒ.690103, മാവേലിക്കര എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. അല്ലാത്തപക്ഷം Malankara Orthodox Syrian Church Mission Society Account No. 0180037418101 90001, IFSC Code CSBK 0000180, CSB Mavelikara Branch എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. തുക ട്രാൻസ്ഫർ ചെയ്യുന്നപക്ഷം മിഷൻ ഓഫീസിൽ അറിയിക്കേണ്ടതാണ്. വിദേശത്തുനിന്നും ചെക്കുകൾ അയയ്ക്കുമ്പോൾ Malankara Orthodox Syrian Church Mission Society എന്നുതന്നെ ചെക്കിൽ എഴുതി അയയ്ക്കണം. അയയ്ക്കുന്നത് വ്യക്തികളാണെങ്കിൽ അവരുടെ പാസ്പോർട്ടിന്റെ കോപ്പിയും, പള്ളികളോ, സംഘടനകളോ ആണെങ്കിൽ അതത് പള്ളിയോ, സംഘടനയോ രജിസ്റ്റർ ചെയ്തിരിക്കുന്ന രജിസ്ട്രേഷൻ കോപ്പിയും (സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കോപ്പി) ചെക്കിനോടൊപ്പം അയയ്ക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ**

2021 ഓഗസ്റ്റ് മാസം 10-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.